# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2148 — 17.02.2016-ൽ മറുപടിക്ക്

## നീതിസ്റ്റോറുകളിൽ സെയിൽസ്മാനായി പ്രവർത്തിക്കുന്നവരുടെ സ്ഥിരപ്പെടുത്തൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ശശീന്ദ്രൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) നീതിസ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സെയിൽസ്മാനായി പ്രവർത്തിക്കുന്ന എത്ര പേരെ 2010-ലെ സർക്കാർ ഉത്തരവനുസരിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ട്; കൊല്ലം ജില്ലയിൽ എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ; | (എ) നീതിസ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ സെയിൽസ്മാനായി പ്രവർത്തിക്കുന്ന 107 പേരെ 2010-ലെ സർക്കാർ ഉത്തരവനുസരിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 18 പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |
| (ബി) കൊല്ലം ജില്ലയിലെ പുനക്കന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ (ക്ലിപ്തം നമ്പർ 2722) സെയിൽസ്മാൻ റിട്ടയർ ചെയ്ത വേക്കൻസിയിൽ നിയമനം നടത്തിയിട്ടുണ്ടോ; | (ബി) കൊല്ലം ജില്ലയിലെ പുനക്കന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ (ക്ലിപ്തം നമ്പർ 2722) സെയിൽസ്മാൻ റിട്ടയർ ചെയ്ത വേക്കൻസിയിൽ നിയമനം നടത്തിയിട്ടില്ല. |
| (സി) അഭിലാഷ്.കെ. എന്നയാൾ സെയിൽസ്മാനായി എന്നു മുതലാണ് കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; ഇദ്ദേഹത്തെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; | (സി) അഭിലാഷ്. കെ എന്നയാൾ 3 വർഷമായി സെയിൽസ്മാൻ തസ്തികയിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നു. ഇദ്ദേഹത്തെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിയമാനുസൃത അപേക്ഷ ലഭിച്ചിട്ടില്ല. ആയതിനാൽ ടി വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടില്ല. |

| | |
|---|---|
| (ഡി) സഹകരണ വകുപ്പിന്റെ ഉത്തരവ് പ്രകാരം ഇദ്ദേഹത്തിന് സ്ഥിരം നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ? | (ഡി) അഭിലാഷ്. കെ എന്നയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിയമാനുസൃത അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച ശേഷം മാത്രമേ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ